(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായ സ്ത്രീ പീഡന കേസ്സുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

	Total number of cases Registered
Rape with Murder	14
Rape	5615
Molestation	18917
Eve-teasing	1732
Kidnapping & Abduction	871
304(B)	96
498(A)	22172
Others	12103

(ഡി) ലൈംഗികാതീക്രമ കേസ്സുകളിലെ പ്രതികൾക്കെതിരെ നിലവിലെ നിയമവ്യവസ്ഥകൾ പ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

യു.എ.പി.എ., കാപ്പ

269 (246) ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. ടി. വി. രാജേഷ്:
ശ്രീ. പി. ശ്രീരാമകൃഷ്ണൻ:

ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.പി.എ., കാപ്പ തുടങ്ങിയ നിയമങ്ങൾ രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ ഉപയോഗിക്കുന്നത് അവസാനിപ്പിക്കുമോ;

(ബി) ഈ സർക്കാർ നിലവിലുള്ള ഏതെല്ലാം കൊലപാതക കേസുകളിൽ യു.എ.പി.എ. നിയമം ചുമത്തുകയുണ്ടായിട്ടുണ്ട്; ഈ സർക്കാരിന്റെ കാലത്തുണ്ടായ കൊലപാതകങ്ങൾ എത്രയാണ്; ഇതിൽ രാഷ്ട്രീയ കൊലപാതകങ്ങളായി സർക്കാർ കരുതുന്നവ എത്രയാണ്; ഇവയിൽ ഏതെങ്കിലും കേസിൽ യു.എ.പി.എ. ചുമത്തിയിട്ടുണ്ടോ; ഇവയിൽ ഏതെല്ലാം കേസുകൾ സി.ബി.ഐ.-ക്ക് വിടുകയുണ്ടായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) കൊലപാതക കേസുകൾ സി.ബി.ഐ.-ക്ക് വിടുന്നതും, യു.എ.പി.എ. ചുമത്തുന്നതും സംബന്ധിച്ച മാനദണ്ഡങ്ങൾ വെളിപ്പെടുത്താമോ;

(ഡി) യു.എ.പി.എ., കാപ്പ തുടങ്ങിയ നിയമങ്ങൾ രാഷ്ട്രീയപ്രേരിതമായി ദുർവിനിയോഗം ചെയ്യുന്നതായും കേന്ദ്ര-സംസ്ഥാന അന്വേഷണ ഏജൻസികളുടെ മേൽ ഇതിനായി സമ്മർദ്ദം ചെലുത്തുന്നതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഈ സർക്കാർ കാപ്പ നിയമപ്രകാരം പുറപ്പെടുവിച്ച എത്ര കരുതൽ തടങ്കൽ/സഞ്ചലന നിയന്ത്രണ ഉത്തരവുകൾ കോടതി റദ്ദു ചെയ്യുകയുണ്ടായിട്ടുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) യു.എ.പി.എ., കാപ്പ തുടങ്ങിയ നിയമങ്ങൾ രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നിലവിലുള്ള മൂന്നു കൊലപാതക കേസ്സുകളിൽ യു.എ.പി.എ. നിയമം ചുമത്തുകയുണ്ടായി. (കതിരൂർ പി.എസ്. ക്രൈം നമ്പർ 780/14, കണ്ണവം പി.എസ്. ക്രൈം നമ്പർ 165/15, കൊളവല്ലൂർ പി.എസ്. ക്രൈം നമ്പർ 364/15)

ഈ സർക്കാരിന്റെ കാലയളവിൽ 1686 കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 29 എണ്ണം രാഷ്ട്രീയ കൊലപാതകം ആയി കണക്കാക്കപ്പെടുന്നു. ഇവയിൽ മൂന്നു കേസ്സുകളിൽ യു.എ.പി.എ. നിയമം ചുമത്തുകയുണ്ടായി. അവയിൽ ഒരെണ്ണം സി.ബി.ഐ.-ക്ക് വിടുകയുണ്ടായി (കതിരൂർ പി.എസ്. ക്രൈം നമ്പർ 780/14).

(സി) കേസ്സിന്റെ അന്തർ സംസ്ഥാന ബന്ധം കണക്കിലെടുത്തുകൊണ്ട് സർക്കാർ തീരുമാന പ്രകാരവും കോടതി ഉത്തരവുകൾ പ്രകാരവുമാണ് കേസ്സുകൾ സി.ബി.ഐ.-യ്ക്ക് വിടുന്നത്. പ്രമാദമായതും കോളിളക്കം സൃഷ്ടിക്കുന്നതുമായ കേസ്സുകൾ സി.ബി.ഐ.-യ്ക്ക് വിടാറുണ്ട്. കുറ്റകൃത്യങ്ങളുടെ സ്വഭാവം അനുസരിച്ചും ദേശവിരുദ്ധ പ്രവർത്തനങ്ങൾ രാജ്യസുരക്ഷയെ ബാധിക്കുന്ന തരത്തിലുള്ള കുറ്റകൃത്യങ്ങൾ, ഭീകര പ്രവർത്തനങ്ങളുടെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങൾ തുടങ്ങിയ സ്വഭാവങ്ങളിലുള്ള കേസ്സുകളിലും യു.എ.പി.എ. നിയമം ചുമത്തുന്നു.

(ഡി) ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഈ സർക്കാരിന്റെ കാലത്ത് കാപ്പ നിയമപ്രകാരം പുറപ്പെടുവിച്ച 94 കരുതൽ തടങ്കൽ ഉത്തരവുകളും 21 സഞ്ചലന നിയന്ത്രണ ഉത്തരവുകളും കോടതി റദ്ദ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly